5673
21/3/19

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി (2018-19) - വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.32/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 19.03.2019.

==================================================================

പരാമർശം:
1. സ.ഉ.(സാധാ) നം. 11/2014/പി.സ.വി.വ, തീയതി 24.01.2014.
2. സ.ഉ.(സാധാ) നം. 02/2018/പി.വി.വി.വ, തീയതി 20.01.2018.
3. സ.ഉ.(സാധാ) നം. 87/2018/പി.വി.വി.വ, തീയതി 23.08.2018.
4. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 15.02.2019 -ലെ BCDD-A3-1330/18 നമ്പർ കത്ത്.
5. 08.03.2018 -ന് ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ നടപടി കുറിപ്പ്.

**<u>ഉത്തരവ്</u>**

മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ് എന്നീ കോഴ്സുകളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പിന്നോക്ക വിഭാഗങ്ങളിലെ വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ അധികരിക്കാത്ത വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത വിദേശ സർവ്വകലാശാലകളിൽ സർക്കാർ ധനസഹായത്തോടെ പഠനം നടത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് <u>മറ്റ് പിന്നോക്ക വിഭാഗക്കാർക്കുള്ള വിദേശ സ്കോളർഷിപ്പ് (Overseas Scholarship to OBC Students in rated Foreign Universities).</u> പരാമർശം (1) പ്രകാരം ഈ പദ്ധതി സംബന്ധിച്ച വിശദമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2018-19 -ലെ വാർഷിക പദ്ധതിയിൽ, ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ടി പദ്ധതിയുടെ നടത്തിപ്പിനായി 270 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. 2013-14 മുതൽ ടി പദ്ധതി നടപ്പിലാക്കിയപ്പോൾ അപേക്ഷകർക്ക് പ്രവേശനം നേടാവുന്ന യൂണിവേഴ്സിറ്റികളുടെ എണ്ണം ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റിയുടെ റാങ്കിംഗ് പ്രകാരം 200 യൂണിവേഴ്സിറ്റികളെ ഉൾപ്പെടുത്തിയാണ് പരാമർശം (1) -ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. മതിയായ നീതീകരണം ലഭ്യമാക്കിയാൽ ഉന്നതനിലവാരത്തിലുള്ള മറ്റ് യൂണിവേഴ്സിറ്റികളെയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

4. പരാമർശം 3 പ്രകാരം മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി (2018-19) പ്രകാരം 21 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതോടൊപ്പം 2018 ഒക്ടോബറിൽ ഒരു തവണ കൂടി ഓവർസീസ് സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിരുന്നു.

(....2)

5. ഇതിൻപ്രകാരം പരാമർശം 4 -ലെ കത്തിനോടൊപ്പം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ഒ.ബി.സി. വിദ്യാർത്ഥികൾക്കായുള്ള വിദേശ പഠന സ്കോളർഷിപ്പിനുള്ള അപേക്ഷകളിന്മേൽ 08.03.2019 -ന് ഉച്ചയ്ക്ക് 3.00 മണിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റിയുടെ റാങ്കിംഗിൽ ഉൾപ്പെട്ട 200 യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 6 പേർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ 201 മുതൽ 600 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 12 പേരുടെ അപേക്ഷകളും മറ്റ് അർഹതാ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ച സാഹചര്യത്തിൽ പ്രസ്തുത വിദ്യാർത്ഥികളുടെ പഠന ചെലവിന്റെ 50% സ്കോളർഷിപ്പ് അനുവദിക്കുന്നതിനും ഈ തുക 10 ലക്ഷം രൂപയിൽ അധികരിക്കരുതെന്നും തീരുമാനിച്ചു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിദ്യാർത്ഥികളെ 2018-19 വർഷത്തെ പിന്നാക്ക വിഭാഗക്കാർക്കായുള്ള ഓവർസീസ് സ്കോളർഷിപ്പിന് തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും അഡ്രസ്സും | കോഴ്സ് | പ്രവേശനം ലഭിച്ച / ലഭിക്കുന്ന യൂണിവേഴ്സിറ്റിയുടെ പേര് |
|---|---|---|---|
| 1 | NIVIN BAYER<br>KANACHAKKANATT HOUSE,<br>NEAR ST. MARYS CHURCH,<br>PAMBAIMOOLA, EDAKOCHI<br>KOCHI, ERNAKULAM – 682 010 | POST GRADUATE DIPLOMA IN ENGINEERING, MASTER OF SCIENCE | AUCKLAND UNIVERSITY OF TECHNOLOGY |
| 2 | ADITYA PRAKASH<br>KRISHNA NIVAS,<br>CHIRAKKAL R.S. (P. O),<br>KANNUR – 670 011 | MASTER OF PROFESSIONAL ENGINEERING | QUEENS LAND UNIVERSITY OF TECHNOLOGY |
| 3 | NAMEER<br>CHALIL,<br>CHERAPURAM P.O,<br>KAKKATTIL VIA,<br>KOZHIKODE – 673 507 | MSc BIOMEDICAL ENGINEERING | UNIVERSITY OF DUNDEE UNITED KINGDOM |
| 4 | NISHI R<br>6/249(B),<br>NORTH MUDALIAR STREET<br>SHORANUR P. O,<br>PALAKKAD DIST – 679 121 | MASTERS IN CHEMICAL ENGINEERING | HERBERT WERTHEIM COLLEGE OF ENGINEERING UNIVERSITY OF FLORIDA |
| 5 | ANEESH L<br>LATHEESH BHAVANAM,<br>KALLARA SOUTH P. O,<br>KOTTAYAM – 686 611 | MASTERS IN DISTRIBUTED SYSTEMS | TECHNICAL UNIVVERSITY OF DRESDEN GERMANY |
| 6 | SUHAILA M. P<br>PEEDIKAKKANDI HOUSE<br>THAVANOOR P. O,<br>KUZHIMANNA VIA,<br>MALAPPURAM – 673 104 | MASTER OF SCIENCE IN COMPUTER SCIENCE | BONN UNIVERSITY |
| 7 | ANJALY SOMAN<br>PARAYIL HOUSE,<br>PAMBANAR P. O,<br>PEERUMEDU,<br>IDUKKI – 685 531 | MASTERS IN DATA ANALYTICS | DEAKIN UNIVERSITY BURWOOD, MELBOURNE |

(.....3)

| | | | |
|---|---|---|---|
| 8 | KARUVAMBURATH KARIYETHEN RAHUL DEV<br>VATTAPARAMBIL HOUSE,<br>KARUVAMBRAM WEST P. O,<br>MANJERI,<br>MALAPPURAM – 676 123 | MASTERS IN AEROSPACE ENGINEERING | SAPIENZA UNIVERSITY |
| 9 | POOJA JAYAN<br>POOJA, T.C – 7/1475 (9)<br>RG 210 J, E.K.NAYANAR ROAD,<br>KOCHULLOOR,<br>THIRUVANANTHAPURAM | PHD IN MEDIA STUDIES | MASSEY UNIVERSITY NEWZEALAND |
| 10 | RINCY PHILOMINE THENGAPURAKKAL MARTIN<br>THENGAPURAKKAL HOUSE,<br>PONNARIMANGALAM,<br>MULAVUKAD P. O,<br>ERNAKULAM – 682 504 | MASTER OF PUBLIC HEALTH | WESTERN SYDNEY UNIVERSITY PARAMATTA |
| 11 | NIKHIL CHAND<br>PUNARTHAM HOUSE,<br>M.L. LANE, POOPANI,<br>PERUMBAVOOR P. O,<br>ERNAKULAM – 683 542 | MASTER OF DATA SCIENCE | RMIT, AUSTRALIA |
| 12 | SARATH CHANDRA KUMAR<br>THOTTUCHIRAYIL,<br>SRAMBIMATTOM,<br>KUDAVECHOOR P. O, VAIKOM,<br>KOTTAYAM – 686 144 | SPECIAL MASTERS IN AEROSPACE ENGINEERING | SCHOOL OF AEROSPACE ENGINEERING OF "SAPIENZA UNIVERSITY OF ROME" |
| 13 | RAHUL DEV<br>SREESHYLAM HOUSE,<br>ANGADIPPURAM P. O,<br>MALAPPURAM – 679 321 | MASTER OF ENGINEERING (PROFESSIONAL) MECHANICAL ENGINEERING DESIGN | DEAKIN UNIVERSITY |
| 14 | ROSH KUMAR P. N.<br>PANAKKAL HOUSE,<br>NENMINI P O, THAIKKAD,<br>GURUVAYUR,<br>THRISSUR – 680 104 | MASTER OF ENGINEERING MECHANICAL ENGINEERING DESIGN | CONCORDIA UNIVERSITY, CANADA |
| 15 | SAIKIRAN M. R<br>MULLAMKORATHIL HOUSE,<br>MULANTHURUTHY P.O,<br>ERNAKULAM – 682 314 | MASTER OF PROFESSIONAL ENGINEERING | SWINBURNE UNIVERSITY OF TECHNOLOGY MELBOURNE AUSTRALIA |
| 16 | RAMEEZ RAIMARAKKAR BASHEER<br>RAIMARAKKAR HOUSE,<br>CHIRANELLUR P. O,<br>THRISSUR – 680 501 | MSC ARTIFICIAL INTELLIGENCE WITH ROBOTICS | UNIVERSITY OF HERTFORDSHIRE |
| 17 | ARAVIND C<br>KRA-A-51, THODIYIL LANE,<br>CHETTIKULANGARA,<br>THIRUVANANTHAPUAM. | MASTERS IN CONSTRUCTION MANAGEMENT | DEAKIN UNIVERSITY AUSTRALIA |
| 18 | RESHMI RAVI<br>PALLIPPURA VEEDU,<br>VAKKOM P. O, VAKKOM,<br>THIRUVANANTHAPURAM – 695 308 | MASTERS IN INFORMATION TECHNOLOGY | CENTRAL QUEENSLAND UNIVERSITY |

(.....4)

7. മുകളിൽ പറഞ്ഞിട്ടുള്ള വിദ്യാർത്ഥികളിൽ 7 മുതൽ 18 വരെയുള്ളവർക്ക് ലഭിക്കുന്ന പരമാവധി സ്കോളർഷിപ്പ്, മൊത്തം ചെലവിന്റെ 50 ശതമാനം അഥവാ പരമാവധി 10 ലക്ഷം രൂപ അധികരിക്കാൻ പാടില്ലാത്തതാണ്.

8. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതും ഇതിനുവേണ്ടി വരുന്ന ചെലവ് 2225-03-277-91(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

9. ഓരോ സാമ്പത്തിക വർഷവും അപേക്ഷ ക്ഷണിക്കുന്നതിന് മുൻപ് യൂണിവേഴ്സിറ്റികളുടെ റാങ്കിംഗ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ.**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.